5. സംസ്ഥാനത്ത് ഇ - മാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.

6. പൊതു മലിന ജല ശുദ്ധീകരണ സംവിധാനം (CETP) സംസ്ഥാനത്തെ ചെറുകിട വ്യവസായ യൂണിറ്റുകൾക്കു വേണ്ടി പൊതുമാലിന്യ സംസ്കരണ സംവിധാനം നിലവിലില്ല. കൂടുതൽ ചെറുകിട (ക്ലസ്റ്റർ) വ്യവസായങ്ങൾ പ്രവർത്തിക്കുന്ന മേഖലയായ കൊല്ലത്തെ കശുവണ്ടി സംസ്കരണ മേഖല, ആലപ്പുഴയിലെ ചെറുകിട മത്സ്യ സംസ്കരണ ശാലകൾ, ഏലൂർ എടയാർ മേഖലയിലെ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് പൊതു ശുദ്ധീകരണ സംവിധാനങ്ങളുടെ അഭാവം.

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ഡി) പദ്ധതികളുടെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ;

(സി) & (ഡി) പ്രശ്ന പരിഹാരത്തിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിന് ആവശ്യമായ കൂടുതൽ പൊതു സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന്റെ സെൻട്രൽ സെക്ടർ സ്കീമിൽ (CSS) ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതു ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാൻ നടപടി കൈക്കൊണ്ടുവരുന്നു. എറണാകുളത്ത് പൊതു സംവിധാനം സ്ഥാപിക്കുന്നതിനായി കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KEIL) എന്ന സ്ഥാപനം ബോർഡിൽ നിന്നും അനുമതി നേടിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് കിനാലൂർ വ്യവസായ എസ്റ്റേറ്റിൽ Malabar Enviro Vision Private Ltd. എന്ന സ്വകാര്യ സ്ഥാപനം ഇതിനായി സ്ഥലം കണ്ടെത്തുകയും ബോർഡ് അതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. IMA യുടെ സ്വന്തം നിലയിലുള്ള ഒരു പൊതു സംവിധാനം പാലോട് പ്രദേശത്ത് സ്ഥാപിക്കുന്നതിനായി ബോർഡിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്.

2. പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിനായി പാലക്കാട്ടുള്ള മലബാർ സിമന്റ്സുമായുള്ള കോ-ഇൻസിനറേഷൻ പദ്ധതിക്കുള്ള ശ്രമം നടന്നു വരുന്നു.

3. സംസ്ഥാനത്ത് നിലവിൽ ഇ - മാലിന്യം ശേഖരിച്ച് അന്യ സംസ്ഥാനത്തുള്ള അംഗീകൃത റീസൈക്ലർ /ഡിസ്മാന്റലർക്ക് നൽകുന്നതിന് ഇ-മാലിന്യ ശേഖരണ സെന്ററുകൾക്ക് ബോർഡിൽ നിന്നും അനുമതി നൽകി വരുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ ഇ-മാലിന്യ ശേഖരണ സംവിധാനം നടപ്പിലാക്കുന്നതിന് ശ്രമങ്ങൾ നടത്തി വരുന്നു.

4. പൊതു മലിന ജല ശുദ്ധീകരണ സംവിധാനങ്ങൾക്കായി (CETP) ആലപ്പുഴ ജില്ലയിൽ അരൂരിൽ ACCEPT Society ക്ക് രൂപം നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഏലൂർ - എടയാർ മേഖലയ്ക്കുവേണ്ടി ചെറുകിട വ്യവസായ സംരംഭകരുടെയും വ്യവസായ വകുപ്പിന്റെയും സഹായത്തോടുകൂടി ഒരു പൊതു മലിന ജല ശുദ്ധീകരണ സംവിധാനം സ്ഥാപിക്കുന്നതിനായി നടപടികൾ കൈക്കൊണ്ടു വരുന്നു.

സെക്ഷൻ ഓഫീസർ